# കേരള സർവകലാശാല

നം.പി.ആർ.260/2018

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷ

അഞ്ചാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം – സി.ബി.സി.എസ്.എസ്. ബി.എ/ബി.എസ്.സി/ബി.കോം (2016 അഡ്മിഷൻ–റഗുലർ & 2013, 2014, 2015 അഡ്മിഷനുകൾ – സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 14 ന് ആരംഭിക്കും.

2018 ഡിസംബറിൽ ആരംഭിക്കുന്ന കമ്പയിൻഡ് ഒന്നും രണ്ടും സെമസ്റ്റർ & മൂന്നാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) പരീക്ഷയുടെ വിജ്ഞാപനം വെബ്സൈറ്റിൽ.

2019 ജനുവരി 4 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) റഗുലർ/ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 5 വരെയും 50 രൂപ പിഴയോടെ ഡിസംബർ 7 വരെയും 125 രൂപ പിഴയോടെ ഡിസംബർ 11 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 6 ന് കൊല്ലം എസ്.എൻ. വനിതാ കോളേജിലും ഡിസംബർ 4, 7 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജിലും നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 10, 11, 12 തീയതികളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ്, സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ്, എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

### യോഗാ പരിശീലനം

കായിക പഠനവകുപ്പ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തുന്ന യോഗ പരിശീലന പരിപാടിയുടെ ഡിസംബറിലേക്കുള്ള രജിസ്ട്രേഷൻ ഫോം ജി.വി.രാജാ പവിലിയനിൽ പ്രവർത്തിക്കുന്ന കായിക പഠനവകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് 8921507832/04712306485 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
29.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098